# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4802** **19.05.2017-ൽ മറുപടിയ്ക്ക്**

## ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
| --- | --- | --- | --- |
| എ) | സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിനായി പിടിക്കുന്ന മത്സ്യം കേടുകൂടാതെ കരയിൽ എത്തിക്കുന്നതിനുതകുമാറ് വള്ളങ്ങളിൽ ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി, ലാന്റിംഗ് സെന്ററിൽ എത്തുന്ന മത്സ്യം വൃത്തിയുള്ള സാഹചര്യത്തിൽ ലേലം ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനും ശീതീകരണ സംവിധാനമുള്ള ലേലഹാളുകൾ, പുതുമ നഷ്ടപ്പെടാതെ മത്സ്യം ഉപഭോക്താക്കളിലെത്തിക്കുന്നതിനായി ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ, ശുചിത്വവും, വൃത്തിയും ഉറപ്പുവരുത്തുന്നതും ശീതീകരണ സൗകര്യങ്ങൾ ഉള്ളതുമായ ആധുനിക മത്സ്യമാർക്കറ്റുകളുടെ ശൃംഖല, ഹാർബറുകളിൽ നിന്ന് വിപണന കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതിന് മത്സ്യഫെഡ് വഴി വാഹന സൗകര്യം എന്നിവ ഏർപ്പെടുത്തുന്നു. കൂടാതെ, രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യ വിപണനം തടയുന്നതിനായി പ്രത്യേക സ്ക്വാഡുകൾ ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാ വിഭാഗവും സംയുക്തമായി എല്ലാ ജില്ലകളിലും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ഏതെല്ലാം പദ്ധതികളാണ് നിലവിൽ ഇതിനായി നടത്തിവരുന്നത്; വിശദമാക്കുമോ; | ബി) | മത്സ്യവിപണന രംഗത്ത് ശുചിത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ സ്ഥാപിച്ചു വരുന്നു. ടി പദ്ധതിയുടെ ഭാഗമായി 39 മത്സ്യമാർക്കറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയതിൽ 34 മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 3 മാർക്കറ്റുകളുടെ നിർമ്മാണം അവസാനഘട്ടത്തിലുമാണ്. സ്ഥലം ലഭ്യമാകാത്തതിനാൽ 2 മാർക്കറ്റുകളുടെ നിർമ്മാണം ഉപേക്ഷിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | സഹായത്തോടെ കൊല്ലം ശക്തിക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന സെൻട്രലൈസ്ഡ് പ്രോസസിംഗ് പ്ലാന്റിൽ മത്സ്യ ഉൽപ്പന്നങ്ങൾ സോളാർ ഡ്രയർ ഉപയോഗിച്ച് ഉണക്കി ആകർഷകമായ പായ്ക്കറ്റുകളിൽ "ഡ്രിഷ് കേരള" എന്ന പേരിൽ തീരദേശ വികസന കോർപ്പറേഷൻ വിപണിയിലെത്തിക്കുന്നു. |
| സി) | ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | സി) | കേരള തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, സാഫ്, മത്സ്യവകുപ്പ് ഭക്ഷ്യസുരക്ഷാ വിഭാഗം തുടങ്ങിയ സ്ഥാപനങ്ങൾ ഈ ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്നു. |

**സെക്ഷൻ ആഫീസർ**